സൂറഃ-7

# അൽ അഅ്റാഫ്

قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ
وَٱلْأَرْضِ ۖ لَآ إِلَٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ
ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴿١٥٨﴾

**158.** പ്രവാചകൻ പ്രഖ്യാപിക്കുക: അല്ലയോ മനുഷ്യരേ, ഞാൻ നിങ്ങളെല്ലാവരിലേക്കുമുള്ള ദൈവദൂതനാകുന്നു. അവനുള്ളതത്രെ ആകാശഭൂമികളുടെ ആധിപത്യം. അവനല്ലാതെ ദൈവമേതുമില്ല. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് അവനാകുന്നു. അതിനാൽ അല്ലാഹുവിലും അവൻ നിയോഗിച്ച ഈ നിരക്ഷരനായ പ്രവാചകനിലും വിശ്വസിക്കുവിൻ. അദ്ദേഹം അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്നു. അദ്ദേഹത്തെ പിന്തുടരുവിൻ; നിങ്ങൾ സന്മാർഗം പ്രാപിക്കാൻ.

وَمِن قَوْمِ مُوسَىٰٓ أُمَّةٌ يَهْدُونَ بِٱلْحَقِّ وَبِهِۦ يَعْدِلُونَ
﴿١٥٩﴾

**159.** മൂസായുടെ ജനത്തിൽ, സത്യപ്രമാണപ്രകാരം ജനങ്ങളെ മാർഗദർശനം ചെയ്യുകയും അതനുസരിച്ചുതന്നെ നീതി നടത്തുകയും ചെയ്യുന്ന ഒരു സമൂഹവുമുണ്ടായിരുന്നു.

وَقَطَّعْنَٰهُمُ ٱثْنَتَىْ عَشْرَةَ أَسْبَاطًا أُمَمًا ۚ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ إِذِ ٱسْتَسْقَىٰهُ
قَوْمُهُۥٓ أَنِ ٱضْرِب بِّعَصَاكَ ٱلْحَجَرَ ۖ فَٱنۢبَجَسَتْ مِنْهُ ٱثْنَتَا عَشْرَةَ عَيْنًا ۖ قَدْ
عَلِمَ كُلُّ أُنَاسٍ مَّشْرَبَهُمْ ۚ وَظَلَّلْنَا عَلَيْهِمُ ٱلْغَمَٰمَ وَأَنزَلْنَا عَلَيْهِمُ ٱلْمَنَّ
وَٱلسَّلْوَىٰ ۖ كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ ۚ وَمَا ظَلَمُونَا وَلَٰكِن كَانُوٓا۟
أَنفُسَهُمْ يَظْلِمُونَ ﴿١٦٠﴾

**160.** നാം അവരെ പന്ത്രണ്ട് താവഴികളായി വിഭജിച്ചു. ഓരോ താവഴിയെയും ഓരോ സമൂഹമെന്നോണമാക്കി. ജനം അദ്ദേഹത്തോട് കുടി വെള്ളം ചോദിച്ചപ്പോൾ നാം മൂസായോട് നിർദേശിച്ചു: നിന്റെ വടികൊണ്ട് ആ പാറയിൽ അടിക്കുക. അപ്രകാരം അടിച്ചപ്പോൾ അതിൽനിന്ന് പന്ത്രണ്ട് ഉറവകൾ പൊട്ടിയൊഴുകി. ഓരോ ജനത്തിനും അവരവർ വെള്ളമെടുക്കേണ്ട സ്ഥാനം നിർണിതമായിരുന്നു. നാം അവർക്കു മീതെ മേഘത്താൽ തണലിട്ടുകൊടുത്തു. ആഹരിക്കാൻ മന്നായും സൽവായും വർഷിച്ചുകൊടുത്തു. 'നാം അരുളിയിട്ടുള്ള ഉത്തമ വിഭവങ്ങൾ ആഹരിച്ചുകൊള്ളുവിൻ'. ഈ അനുഗ്രഹങ്ങളോട് നന്ദികേട് അനുവർത്തിക്കുന്നതിലൂടെ അവർ നമ്മെ അക്രമിക്കുകയായിരുന്നില്ല. പിന്നെയോ, അവരെത്തന്നെയാണവർ അക്രമിച്ചിരുന്നത്.

قُلْ = നീ പറയുക (പ്രവാചകൻ പ്രഖ്യാപിക്കുക) يَٰٓأَيُّهَا ٱلنَّاسُ = അല്ലയോ മനുഷ്യരേ
إِنِّى رَسُولُ ٱللَّهِ = ഞാൻ അല്ലാഹുവിന്റെ (ദൈവ) ദൂതനാകുന്നു إِلَيْكُمْ جَمِيعًا = നിങ്ങൾ എല്ലാവരിലേക്കുമുള്ള
ٱلَّذِى لَهُۥ = അവനുള്ളതത്രെ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ = ആകാശഭൂമികളുടെ ആധിപത്യം لَآ إِلَٰهَ = ദൈവമേതുമില്ല
إِلَّا هُوَ = അവനല്ലാതെ يُحْىِۦ = അവൻ ജീവിപ്പിക്കുന്നു وَيُمِيتُ = മരിപ്പിക്കുകയും ചെയ്യുന്നു
فَـَٔامِنُوا۟ بِٱللَّهِ = അതിനാൽ അല്ലാഹുവിൽ വിശ്വസിക്കുവിൻ وَرَسُولِهِ = അവന്റെ ദൂതനിലും (അവൻ നിയോഗിച്ച)

അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കു(ന്നു)ന്നവനായ = ٱلَّذِى يُؤۡمِنُ بِٱللَّهِ (ഈ) നിരക്ഷരനായ പ്രവാചകനിൽ = ٱلنَّبِىِّ ٱلۡأُمِّىِّ

നിങ്ങൾ അദ്ദേഹത്തെ പിന്തുടരുവിൻ = وَٱتَّبِعُوهُ അവന്റെ വചനങ്ങളിലും = وَكَلِمَٰتِهِۦ

നിങ്ങൾ സന്മാർഗം പ്രാപിക്കാൻ = لَعَلَّكُمۡ تَهۡتَدُونَ

ഒരു സമൂഹം = أُمَّةٌ മൂസായുടെ ജനത്തിൽപെട്ടവരാകുന്നു (ജനത്തിൽ ഉണ്ടായിരുന്നു) = وَمِن قَوۡمِ مُوسَىٰٓ

അതുകൊണ്ട് (അതനുസരിച്ചുതന്നെ) = وَبِهِۦ സത്യം കൊണ്ട് (സത്യപ്രമാണപ്രകാരം) = بِٱلۡحَقِّ മാർഗദർശനം ചെയ്യുന്ന = يَهۡدُونَ

പന്ത്രണ്ട് = ٱثۡنَتَيۡ عَشۡرَةَ നാം അവരെ മുറിച്ചു (വിഭജിച്ചു) = وَقَطَّعۡنَٰهُمُ നീതി പാലിക്കുന്ന (നടത്തുകയും ചെയ്യുന്ന) = يَعۡدِلُونَ

മൂസാക്കു നാം ബോധനം നൽകി, നിർദേശിച്ചു = وَأَوۡحَيۡنَآ إِلَىٰ مُوسَىٰٓ സമൂഹങ്ങളായ = أُمَمٗاۚ താവഴികളായി, ഗോത്രങ്ങളായി = أَسۡبَاطًا

എന്തെന്നാൽ = أَنِ അദ്ദേഹത്തിന്റെ ജനം = قَوۡمُهُۥٓ അദ്ദേഹത്തോട് കുടിവെള്ളം തേടിയ(ചോദിച്ച)പ്പോൾ = إِذِ ٱسۡتَسۡقَىٰهُ

ആ കല്ലിനെ, പാറയെ = ٱلۡحَجَرَۖ നിന്റെ വടികൊണ്ട് = بِّعَصَاكَ നീ അടിക്കുക = ٱضۡرِب

അതി(ആ പാറയി)ൽനിന്ന് = مِنۡهُ അപ്പോൾ (അപ്രകാരം അടിച്ചപ്പോൾ)പൊട്ടിയൊഴുകി = فَٱنۢبَجَسَتۡ

അറിഞ്ഞിരിക്കുന്നു (നിർണിതമായിരുന്നു) = قَدۡ عَلِمَ പന്ത്രണ്ട് ഉറവകൾ = ٱثۡنَتَا عَشۡرَةَ عَيۡنٗاۖ

അവരുടെ കുടിസ്ഥലം (അവരവർ വെള്ളമെടുക്കേണ്ട സ്ഥാനം) = مَّشۡرَبَهُمۡۚ എല്ലാ ഓരോ ജനവും (ജനത്തിനും) = كُلُّ أُنَاسٖ

മേഘത്തെ(ത്താൽ) = ٱلۡغَمَٰمَ അവരുടെ മേൽ = عَلَيۡهِمُ നാം തണലിട്ടുകൊടുത്തു = وَظَلَّلۡنَا

സൽവായും = وَٱلسَّلۡوَىٰۖ മന്നാ = ٱلۡمَنَّ നാം അവരുടെ മേൽ ഇറക്കി (വർഷിച്ചുകൊടുത്തു) = وَأَنزَلۡنَا عَلَيۡهِمُ

നാം നിങ്ങൾക്ക് അരുളിയിട്ടുള്ള = مَا رَزَقۡنَٰكُمۡۚ ഉത്തമങ്ങളിൽനിന്ന് = مِن طَيِّبَٰتِ നിങ്ങൾ ആഹരിച്ചുകൊള്ളുവിൻ = كُلُواْ

(ഈ അനുഗ്രഹങ്ങളോട് നന്ദികേട് അനുവർത്തിക്കുന്നതിലൂടെ) അവർ നമ്മെ അക്രമിക്കുകയായിരുന്നില്ല = وَمَا ظَلَمُونَا

അവർ അവരെത്തന്നെയാണ് അക്രമിച്ചിരുന്നത് = كَانُوٓاْ أَنفُسَهُمۡ يَظۡلِمُونَ പക്ഷേ (പിന്നെയോ) = وَلَٰكِن

**158:** മുഹമ്മദീയ ദൗത്യത്തിന്റെ ധർമവും ലക്ഷ്യവും വിശദമാക്കിയതിനെത്തുടർന്ന് ആ പ്രവാചകനെ വിശ്വസിക്കാനും അനുസരിക്കാനും വേദക്കാരുൾപ്പെടെയുള്ള എല്ലാ ജനങ്ങളോടും ഒരിക്കൽകൂടി ആഹ്വാനം ചെയ്യുകയാണ് ഈ സൂക്തം. മുഹമ്മദ് നബി(സ) അറബികൾക്ക് മാത്രമായി നിയുക്തനായ പ്രവാചകനല്ല. അറബികളും ഇസ്രാഈല്യരും ഉൾപ്പെടുന്ന ഇബ്റാഹീം സന്തതികൾക്ക് മാത്രമായി വന്നയാളുമല്ല. മുഴുവൻ മനുഷ്യരാശിയുടെയും വിമോചനത്തിനു വേണ്ടി ആഗതനായ പ്രവാചകനാണദ്ദേഹം. ഖുർആൻ ഇക്കാര്യം ആവർത്തിച്ചു പറയുന്നുണ്ട്: وَمَآ أَرۡسَلۡنَٰكَ إِلَّا رَحۡمَةٗ لِّلۡعَٰلَمِينَ (സർവലോകർക്കുമുള്ള അനുഗ്രഹമായിട്ടുതന്നെയാകുന്നു നിന്നെ നാം നിയോഗിച്ചിട്ടുള്ളത്-21:107). وَمَآ أَرۡسَلۡنَٰكَ إِلَّا كَآفَّةٗ لِّلنَّاسِ بَشِيرٗا وَنَذِيرٗا (സകലമാന മനുഷ്യർക്കുമുള്ള സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടു മാത്രമാകുന്നു നാം നിന്നെ നിയോഗിച്ചിട്ടുള്ളത്- 34:28). وَأُوحِيَ إِلَيَّ هَٰذَا ٱلۡقُرۡءَانُ لِأُنذِرَكُم بِهِۦ وَمَنۢ بَلَغَ (നിങ്ങൾക്കും ഇതെത്തുന്ന എല്ലാവർക്കും മുന്നറിയിപ്പ് നൽകുന്നതിനു വേണ്ടിയാകുന്നു ഈ ഖുർആൻ എനിക്ക് ബോധനം ചെയ്യപ്പെട്ടിരിക്കുന്നത്- 6:19).

ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഒരു നിവേദനത്തിൽ അന്ത്യപ്രവാചകന്റെ, മറ്റു പ്രവാചകന്മാർക്കില്ലാത്ത സവിശേഷതകളിലൊന്ന് തിരുമേനി പറയുന്നു: وكان النبي يبعث الى قومه خاصة وبعثت الى الناس عامة (പ്രവാചകൻ നിയോഗിക്കപ്പെടാറുള്ളത് അവരവരുടെ സമുദായത്തിലേക്കു മാത്രമായിട്ടാണ്. എന്നാൽ ഞാൻ നിയുക്തനായത് എല്ലാ മനുഷ്യർക്കും പൊതുവായിട്ടാകുന്നു).

അതിനാൽ മുഹമ്മദീയ പ്രവാചകത്വത്തിനുശേഷം അറബികളും അനറബികളും ഇസ്രാഈല്യരും ഇസ്മാഈല്യരും കറുത്തവരും വെളുത്തവരുമെല്ലാം പിന്തുടരേണ്ടത് അദ്ദേഹത്തെയാണ്. അതുകൊണ്ടാണ് പ്രവാചകൻ അറേബ്യയിലും റോമാ-പേർഷ്യൻ ചക്രവർത്തിമാരടക്കം പുറത്തുമുള്ള പ്രമാണിമാരെയും ഭരണാധികാരികളെയും ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് സന്ദേശങ്ങളയച്ചിരുന്നത്. പ്രവാചകനുശേഷം അന്ത്യനാൾ വരെ ഈ പ്രബോധനത്തിന്റെയും സത്യസാക്ഷ്യത്തിന്റെയും ഉത്തരവാദിത്വം അല്ലാഹു അദ്ദേഹത്തിന്റെ സമുദായത്തെ ഏൽപിച്ചിരിക്കുന്നു: وَكَذَٰلِكَ جَعَلۡنَٰكُمۡ أُمَّةٗ وَسَطٗا لِّتَكُونُواْ شُهَدَآءَ عَلَى ٱلنَّاسِ (അപ്രകാരം നാം നിങ്ങളെ ഒരു മിതസമുദായമാക്കിയിരിക്കുന്നു; നിങ്ങൾ ജനങ്ങൾക്കു സത്യസാക്ഷികളാകാൻ- 2:143). يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُونُواْ قَوَّٰمِينَ لِلَّهِ شُهَدَآءَ بِٱلۡقِسۡطِ (അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ നീതി സ്ഥാപിച്ചുകൊണ്ട് അല്ലാഹുവിനു വേണ്ടി നിലകൊള്ളുന്നവരായിരിക്കുവിൻ-5:8).

ٱلَّذِى لَهُۥ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ (അവനു മാത്രമുള്ളതത്രെ ആകാശഭൂമികളുടെ ആധിപത്യം) എന്നു തുടങ്ങുന്ന വാക്യത്തിലൂടെ ഈ പ്രവാചകനെ നിയോഗിച്ചവന്റെയും ഈ നിയോഗത്തിന്റെയും ഗൗരവം ഉണർത്തുകയാണ്. പ്രപഞ്ചമഖിലം അവന്റെ അധികാരത്തിലും ഭരണത്തിലുമാണ്. ജീവിപ്പിക്കാനും മരിപ്പിക്കാനും അവന്നേ കഴിയൂ. അതുപോലെ സമുദായങ്ങളുടെയും ജനപദങ്ങളുടെയും ഉത്ഥാനപതനങ്ങളും അവന്റെ വിധിയെ ആശ്രയിച്ചിരിക്കുന്നു. വ്യക്തികളോ സമുദായങ്ങളോ തൻപ്രമാണിത്തത്തിലും സ്വന്തം മഹത്വത്തിലും വഞ്ചിതരായി പൂർവവേദങ്ങൾ പ്രവചിച്ച ഈ പ്രവാചകനെ നിരക്ഷരനെന്ന പേരിൽ തള്ളിപ്പറഞ്ഞുകൂടാ. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവന്റെ ദൗത്യം ഏൽപിക്കുന്നു. അതിനവന് മറ്റാരുടെയും സമ്മതമോ തൃപ്തിയോ നോക്കേണ്ടതില്ല.

അദ്ദേഹം അല്ലാഹുവിലും അവന്റെ വചനത്തിലും വിശ്വസിക്കുന്നു- ٱلَّذِى يُؤۡمِنُ بِٱللَّهِ وَكَلِمَٰتِهِۦ - എന്നതിന്റെ താൽപര്യമിതാണ്: പൂർവവേദക്കാർ വിശ്വസിക്കുന്ന അതേ അല്ലാഹുവിലും അവരുടെ പക്കലുള്ള അതേ വേദപ്രമാണങ്ങളിലും തന്നെ

യാണ് ഈ പ്രവാചകനും വിശ്വസിക്കുന്നത്. ആ വേദങ്ങളിലെ പ്രവചനങ്ങളുടെ സാക്ഷാത്കാരമാണദ്ദേഹത്തിന്റെ നിയോഗം. അദ്ദേഹത്തിന്റെ പ്രബോധനത്തെ വെറും ഭാവനാവിലാസമായോ മറ്റുള്ളവരുടെ മേൽ ആധിപത്യം നേടാനുള്ള പരിശ്രമമായോ കാണാതിരിക്കുക. അദ്ദേഹം കേൾപ്പിക്കുന്നത് അല്ലാഹുവിങ്കൽനിന്നുള്ള സന്ദേശങ്ങളാണ്.

ഇഞ്ചീൽ പ്രവചിച്ച പാർക്കലീത്തയാണദ്ദേഹം. അവന്റെ നാവിൽ അല്ലാഹു നിക്ഷേപിക്കുമെന്ന് പ്രവചിച്ച വചനങ്ങളാണ് അദ്ദേഹത്തിന്റെ സന്ദേശം, അഥവാ ഈ ഖുർആൻ. അതിനാൽ സന്മാർഗം ആഗ്രഹിക്കുന്നവർ ഈ പ്രവാചകനെയും അദ്ദേഹത്തിലൂടെ അവതീർണമായ വേദത്തെയും പിൻപറ്റുകതന്നെ വേണം.

**159:** ഈ സൂക്തത്തിന്റെ നേർക്കുനേരെയുള്ള അർഥം 'മൂസായുടെ ജനതയിൽ സത്യം കൊണ്ട് നയിക്കുന്നവരും അതുകൊണ്ട് നീതി പാലിക്കുന്നവരുമായ ഒരു സമൂഹം ഉണ്ട്' എന്നാണ്. മൂസാ നബിയുടെ കാലത്തുണ്ടായിരുന്ന ഇസ്രാഈല്യരെക്കുറിച്ചാണീ പരാമർശം എന്ന നിലയിലാണ് 'അങ്ങനെയൊരു സമൂഹം ഉണ്ടായിരുന്നു' എന്നു തർജമ ചെയ്യുന്നത്. അവരിൽ ഭൂരിപക്ഷവും മൂസായുടെ പ്രബോധനങ്ങൾ വിസ്മരിച്ച് ഗോപൂജകരായിത്തീർന്നുവെങ്കിലും കുറച്ചാളുകൾ അതിലൊന്നും പെടാതെ സത്യത്തിലും നീതിയിലും ഉറച്ചുനിന്നിരുന്നു എന്നു സാരം. ഇസ്രാഈല്യരെ രൂക്ഷമായി ആക്ഷേപിക്കുന്നേടത്തെല്ലാം ഇതുപോലുള്ള വാക്യങ്ങളിലൂടെ അവരിലെ സജ്ജനങ്ങളെയും അനുസ്മരിക്കുക ഖുർആന്റെ സമ്പ്രദായമാണ്. ഇത്തരം ആളുകളുടെ സാന്നിധ്യം മൂലമാണ് ആ സമുദായം ഉന്മൂലനത്തിനിരയാകാതെ അവസരം നൽകപ്പെട്ടത്. ഇവിടെ ആ കുറച്ചാളുകളെ أُمَّةٌ എന്നാണ് വ്യവഹരിച്ചിരിക്കുന്നത്. ഒരാദർശവും തദനുസൃതമായ സംസ്കാരവും വഹിക്കുന്ന പ്രസ്ഥാനം എന്ന അർഥവും കൂടിയുള്ള പദമാണിത്. أُمَّةٌ എന്ന സാമാന്യ നാമം (نكرة) ഉപയോഗിച്ചതിൽനിന്ന് ആ പ്രസ്ഥാനം വളരെ ചെറുതായിരുന്നു എന്നും വ്യക്തമാകുന്നു. بِٱلْحَقِّ കൊണ്ടുദ്ദേശ്യം അല്ലാഹു മൂസാ നബിക്ക് അവതരിപ്പിച്ചുകൊടുത്ത വേദശാസനകളനുസരിച്ച് എന്നാണെന്ന് സൂറഃ *അസ്സജദ* 23,24 സൂക്തങ്ങൾ വ്യക്തമാക്കുന്നു:

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ فَلَا تَكُن فِى مِرْيَةٍ مِّن لِّقَآئِهِۦ ۖ وَجَعَلْنَـٰهُ هُدًى لِّبَنِىٓ إِسْرَٰٓءِيلَ ﴿٢٣﴾ وَجَعَلْنَا مِنْهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا لَمَّا صَبَرُوا۟ ۖ وَكَانُوا۟ بِـَٔايَـٰتِنَا يُوقِنُونَ ﴿٢٤﴾

(മൂസാക്ക് നാം വേദം നൽകിയിരുന്നു. അതിനാൽ ഈ വേദം ലഭിക്കുന്നതിൽ നീ സംശയിക്കേണ്ട. മൂസാക്ക് നൽകിയ വേദത്തെ നാം ഇസ്രാഈല്യർക്കു മാർഗദർശനോപാധിയായി നിശ്ചയിച്ചു. അവർ സഹനമവലംബിക്കുകയും നമ്മുടെ സൂക്തങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്തിരുന്നപ്പോൾ, നമ്മുടെ ശാസനയനുസരിച്ച് ജനത്തെ നയിക്കുന്ന നായകന്മാരെ നാം അവരിൽനിന്നുണ്ടാക്കി). يَهْدُونَ بِٱلْحَقِّ എന്ന വാക്യം സത്യപ്രബോധകരായ പണ്ഡിതന്മാരെയും (يَعْدِلُونَ) നീതിപാലകരായ അധികാരികളെയും പ്രതിനിധീകരിക്കുന്നതായി ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. يَهْدُونَ، يَعْدِلُونَ എന്നീ വർത്തമാനകാല ക്രിയാ വചനങ്ങളുപയോഗിച്ചത് അവയുടെ നൈരന്തര്യത്തെ സൂചിപ്പിക്കുന്നതായും പറയപ്പെടുന്നു. അതായത് സന്മാർഗപ്രബോധകരും നീതിനിഷ്ഠരുമായ ഒരു വിഭാഗം എക്കാലത്തും ആ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കും. അങ്ങനെയുള്ളവരായിരുന്നു പ്രവാചകന്റെ കാലത്ത് ഇസ്‌ലാമിൽ വിശ്വസിക്കുകയും പ്രവാചകനെ പിന്തുടരുകയും ചെയ്തത്. ഇനിയും അത്തരക്കാർ ഉയർന്നുവരികയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കും.

ഈ സൂക്തം പരാമർശിക്കുന്നത് മുഹമ്മദ് നബി(സ)യുടെ കാലത്തുണ്ടായിരുന്ന ഇസ്രാഈലീ തലമുറയെയാണെന്നും 'മൂസായുടെ ജനതയിൽ സത്യപ്രബോധകരും നീതിപാലകരുമായ ഒരു സമൂഹം ഉണ്ട്' എന്നുതന്നെയാണ് വാക്യത്തിന്റെ അർഥമെന്നുമാണ് അധിക പണ്ഡിതന്മാരും പറഞ്ഞിട്ടുള്ളത്. അതുപ്രകാരം അക്കൂട്ടത്തിൽ തങ്ങളുടെ കൈവശമുള്ള തൗറാത്തിലെ പ്രവചനങ്ങളുടെ സാക്ഷാത്കാരമാണ് മുഹമ്മദീയ പ്രവാചകത്വം എന്ന സത്യത്തെ അംഗീകരിച്ചുകൊണ്ട് അദ്ദേഹത്തിൽ വിശ്വസിച്ചവരെയാണത് സൂചിപ്പിക്കുന്നത്. അവരെപ്പോലെ മറ്റുള്ളവരും ഈ സത്യം അംഗീകരിക്കുകയും മുഹമ്മദ് നബിയെ തങ്ങളുടെ വിമോചകനായി സ്വീകരിക്കുകയും പിന്തുണക്കുകയും ചെയ്യണമെന്നാണ് താൽപര്യം.

**160:** 157-ാം സൂക്തത്തിൽ ആരംഭിച്ച ആനുഷംഗിക വിഷയം കഴിഞ്ഞ സൂക്തത്തോടെ അവസാനിച്ചു. ഇവിടം മുതൽ വീണ്ടും ഇസ്രാഈലീ ചരിത്രത്തിലേക്ക് മടങ്ങുകയാണ്. ഈ സൂക്തത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ ചില പാഠഭേദങ്ങളോടെ നേരത്തേ സൂറഃ *അൽബഖറ* 57-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്. വിശദീകരണവും അവിടെ നൽകിയിട്ടുണ്ട്.

അല്ലാഹുവിന്റെ നിർദേശപ്രകാരം മൂസാ(അ) സ്വജനത്തെ പന്ത്രണ്ട് ഉപസമൂഹങ്ങളാക്കി വിഭജിച്ചു. أسباط-നെ أمم ആയി വിഭജിച്ചു എന്നാണിവിടെ പറയുന്നത്. سبط-ന്റെ ബഹുവചനമാണ് أسباط. أمة-ന്റെ ബഹുവചനം أمم . أسباط -ന്റെ അർഥം നേരത്തേ *അൽബഖറ* 136-ാം സൂക്തത്തിനു താഴെ വിവരിച്ചിട്ടുണ്ട്. ഇവിടെ അതുകൊണ്ടുദ്ദേശ്യം യഅ്ഖൂബ് നബിയുടെ താവഴികളാണ്. യഅ്ഖൂബ് നബിക്ക് 12 മക്കളായിരുന്നുവല്ലോ. ഈ പന്ത്രണ്ടു പേരിൽനിന്നുമായി പന്ത്രണ്ട് താവഴികളുണ്ടായി. ഓരോ താവഴിയെയും മൂസാ(അ) ഓരോ ഉപസമുദായമാക്കുകയും ഓരോ സമൂഹത്തിനും പ്രത്യേക ഉത്തരവാദിത്വങ്ങളും ധർമങ്ങളും ജീവിതമാർഗങ്ങളും നിർദേശിച്ചുകൊടുക്കുകയും ചെയ്തു. ഓരോ സമൂഹത്തിനും ഒരു നേതാവിനെയും നിശ്ചയിച്ചിരുന്നുവെന്ന് സൂറഃ *അൽമാഇദ* 6-ാം സൂക്തം സൂചിപ്പിക്കുന്നുണ്ട്.

ബൈബിൾ സംഖ്യാപുസ്തകം ഈ സമുദായവിഭജനം വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നു. ഈ വിഭജനത്തോടൊപ്പം ഇസ്രാഈല്യരുടെ വിശദമായ കാനേഷുമാരിയും തയാറാക്കിയതായി അത് സൂചിപ്പിക്കുന്നു. ബൈബിൾ വിവരണപ്രകാരം യഅ്ഖൂബിന്റെ പന്ത്രണ്ടു പുത്രന്മാരുടെ സന്തതികളെ പന്ത്രണ്ട് സമുദായങ്ങളാക്കുകയായിരുന്നില്ല. ലേവിയും യൂസുഫും കഴിച്ചുള്ള പത്ത് പുത്രന്മാരുടെ സന്തതികളെ പത്ത് സമൂഹങ്ങളും യൂസുഫിന്റെ രണ്ടു പുത്രന്മാരിൽ ഓരോരുത്തന്റെയും സന്തതികളെ ഓരോ സമൂഹമാക്കുകയുമായിരുന്നു. അങ്ങനെ മൊത്തം 12 സമൂഹങ്ങൾ. ലേവി താവഴിയെ ഒരു പ്രത്യേക സമൂഹമാക്കിയില്ല. മൂസായും അഹ്റോനും ഈ താവഴിയിൽ പെട്ടവരായിരുന്നു. ലേവ്യർ എല്ലാവരുടെയും ആത്മീയ മാർഗദർശകരും എല്ലാ ഗോത്രങ്ങളുടെയും ഭാഗവുമായി നിശ്ചയിക്കപ്പെട്ടു. ഇസ്രാഈല്യർ ഈജിപ്തിൽനിന്ന് പലായനം ചെയ്ത് രണ്ടു വർഷവും രണ്ടു മാസവും കഴിഞ്ഞ ശേഷമാണ് ഈ സമുദായ വിഭജനം നടന്നതെന്നും ബൈബിൾ പ്രസ്താവിച്ചിരിക്കുന്നു.

ഈ കണക്കെടുപ്പിലും വിഭജനത്തിലും പല ലക്ഷ്യങ്ങൾ പരിഗണിക്കപ്പെട്ടിരിക്കാം. സമൂഹത്തെ വിവിധ ഗണങ്ങളായി ചിട്ടപ്പെടുത്തുക അതിലൊന്നാണ്. സമൂഹത്തിന്റെ സുഗമമായ ഭരണത്തിനും പ്രയാണത്തിനും അത് ആവശ്യമാണല്ലോ. ഏകത്വത്തിലെ നാനാത്വം വെളിപ്പെടുത്തി അതിനെ തിരിച്ചറിവിന്റെ അടയാളമാക്കുകയാണ് മറ്റൊന്ന്. ഒരുവൻ ഇസ്രായേലിയോ അനിസ്രായേലിയോ എന്നും ഇസ്രായേലിയാണെങ്കിൽ ഏതു താവഴിക്കാരനെന്നും ഇതുവഴി തിരിച്ചറിയപ്പെടുന്നു. സമൂഹക്ഷേമ

ത്തിന്റെയും സുരക്ഷയുടെയും ദൗത്യനിർവഹണത്തിന്റെയും വിവിധ വകുപ്പുകൾ ഓരോ ഗോത്രങ്ങൾക്കായി വിഭജിച്ചു നൽകുകയെന്നതും ഇത്തരമൊരു വിഭജനത്തിന്റെ താൽപര്യമാകാം. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിലും നിർവഹിക്കുന്നതിലും ജീവിതായോധനത്തിലും വിഭാഗീയമായ മത്സരവും കലഹവും ഒഴിവാക്കാൻ അതുവഴി കഴിയും. ഓരോ വിഭാഗത്തിനും കുടിനീർ ശേഖരിക്കാനുള്ള ഉറവകൾ വരെ നിർണയിക്കപ്പെട്ടു എന്ന പരാമർശം ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

കുടിനീരൊഴുക്കിയതും മേഘത്തണൽ വിരിച്ചതും മന്നായും സൽവായും വീഴ്ത്തിയതും അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത മഹത്തായ അനുഗ്രഹങ്ങളാണ്. നിർജലവും ഊഷരവുമായ സീനായ് മരുഭൂമിയിൽ നാലുപതിറ്റാണ്ടു കാലത്തോളം വസിക്കേണ്ടിവന്നിട്ടുണ്ട് ഇസ്രാഈല്യർക്ക്. അവരാകട്ടെ ലക്ഷക്കണക്കിൽ ആളുകളുണ്ടായിരുന്നു. ഇരുപത് ലക്ഷം വരെയാണ് ചിലർ കണക്കാക്കുന്ന ജനസംഖ്യ. ചെറിയൊരു സംഘത്തിന് രണ്ടോ മൂന്നോ ആഴ്ച നീണ്ട ഒരു യാത്ര പോലും ഈ മരുപ്രദേശത്തിലൂടെ ദുഷ്കരമാണ്. എന്നിരിക്കെ ലക്ഷക്കണക്കിനാളുകൾ പല ദശവർഷങ്ങൾ ഇവിടെ തങ്ങേണ്ടിവന്നാലുള്ള അവസ്ഥ ഊഹിച്ചുനോക്കുക; അപ്പോൾ വ്യക്തമാകും അന്ന് അല്ലാഹു ഇസ്രാഈല്യർക്ക് ചെയ്ത അനുഗ്രഹത്തിന്റെ വിശാലത. ജീവന്റെ നിലനിൽപിനാധാരമായ ജലം പുരാതന കാലം മുതലേ മനുഷ്യർ ആധിപത്യമുറപ്പിക്കാൻ മത്സരിച്ചിരുന്ന വിഭവമാണ്. ഇന്നും അതങ്ങനെത്തന്നെയാണല്ലോ. നാളത്തെ മഹാ യുദ്ധങ്ങളും ജലത്തെച്ചൊല്ലിയാകുമെന്നാണ് പ്രവചിക്കപ്പെടുന്നത്. വർധിച്ച വൃഷ്ടിയും നിരവധി ജലസ്രോതസ്സുകളുമുള്ള ഭൂപ്രദേശമാണ് കേരളം. ഈ സംസ്ഥാനം പോലും ജലത്തെച്ചൊല്ലി അയൽ സംസ്ഥാനങ്ങളുമായി കലഹിക്കാൻ തുടങ്ങിയിരിക്കുന്നു. എങ്കിൽ മരുഭൂമിയിലെ പരിമിതമായ ജലസ്രോതസ്സുകൾക്കു വേണ്ടിയുണ്ടാകാവുന്ന കലഹങ്ങൾ ഊഹിക്കാവുന്നതാണ്.

നിർജലമായ മരുഭൂമിയിലെത്തിപ്പെട്ട ജനങ്ങൾ മൂസാ പ്രവാചകനോട് കുടിവെള്ളമാവശ്യപ്പെട്ടപ്പോൾ അദ്ദേഹം അല്ലാഹുവിനോട് പ്രാർഥിച്ചു. അല്ലാഹു അദ്ദേഹത്തോട് നിശ്ചിത പാറയിൽ തന്റെ വടി കൊണ്ട് അടിക്കാൻ പറഞ്ഞു. അടിച്ചപ്പോൾ അതിൽനിന്ന് ജലം പൊട്ടിയൊഴുകി! അല്ലാഹുവിന്റെ ഇഛക്കു മുമ്പിൽ കല്ലിൽനിന്ന് വെള്ളമൊഴുകാനെന്തു പ്രയാസം!

وَإِنَّ مِنَ ٱلْحِجَارَةِ لَمَا يَتَفَجَّرُ مِنْهُ ٱلْأَنْهَٰرُ ۚ وَإِنَّ مِنْهَا لَمَا يَشَّقَّقُ
فَيَخْرُجُ مِنْهُ ٱلْمَآءُ ۚ وَإِنَّ مِنْهَا لَمَا يَهْبِطُ مِنْ خَشْيَةِ ٱللَّهِ

(പാറകളിൽ ചിലതിൽനിന്ന് നദികൾ ഉറന്നൊഴുകുന്നു. അവയിൽ ചിലത് പൊട്ടിപ്പിളർന്ന് അതിൽനിന്ന് വെള്ളം ചീറ്റുന്നു. ചിലത് ദൈവഭയത്താൽ അടർന്നുവീഴുന്നു- 2:74). മൂസാ നബി അടിച്ച പാറയിൽ ഒരു നീർച്ചാലല്ല; പന്ത്രണ്ട് നീർച്ചാലുകളാണുണ്ടായത്. ഓരോ ഗോത്രത്തിനും വെള്ളമെടുക്കാൻ ഓരോ ഉറവ നിശ്ചയിച്ചുകൊടുത്തുകൊണ്ട് ജലത്തിന്റെ പേരിൽ കലഹമുണ്ടാകാനുള്ള സാധ്യത ഒഴിവാക്കുകയായിരുന്നു.

വെയിൽ തടുക്കാൻ മേഘം കൊണ്ട് തണൽ വിരിച്ചുകൊടുത്തതും ആഹാരമായി മന്നായും സൽവായും വർഷിച്ചതുമാണ് മറ്റ് രണ്ടനുഗ്രഹങ്ങൾ. അവരുടെ അന്നത്തെ അവസ്ഥ പരിഗണിക്കുമ്പോൾ അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളിൽ ഏതെങ്കിലുമൊന്ന് ഇല്ലായിരുന്നുവെങ്കിൽ ആ ജനത സീനായ് മരുഭൂമിയിൽ മരിച്ചൊടുങ്ങുമായിരുന്നു.

അല്ലാഹു അരുളിയ അനുഗ്രഹങ്ങളെല്ലാം അനുഭവിച്ചുകൊണ്ടിരുന്നിട്ടും അതിന്റെ മഹത്വം അംഗീകരിക്കാനോ അതരുളിയ അല്ലാഹുവിനോട് നന്ദികാണിക്കാനോ ഇസ്രായേൽ ജനത സന്നദ്ധമായില്ല. അവർ അല്ലാഹുവിന്റെ ശാസനകളെ ധിക്കരിച്ചുകൊണ്ട് തന്നിഷ്ടപ്രകാരം നിയമങ്ങളും ധർമങ്ങളുമുണ്ടാക്കി ആചരിച്ചുകൊണ്ടിരുന്നു. അതൊക്കെയും യഥാർഥത്തിൽ അധർമങ്ങളും അക്രമങ്ങളുമായിരുന്നു. ഈ അക്രമങ്ങൾ ബാധിച്ചിരുന്നത് അല്ലാഹുവിനെയല്ല; പ്രത്യുത അവരെത്തന്നെയാണ്. മനുഷ്യൻ ചെയ്യുന്ന അക്രമവും അധർമവുമെല്ലാം യഥാർഥത്തിൽ അനുഭവിക്കേണ്ടിവരുന്നത് അവൻ തന്നെയാണ്. പലപ്പോഴും സ്വന്തം നന്മയുദ്ദേശിച്ചായിരിക്കും അവൻ അധർമങ്ങൾ ചെയ്യുന്നത്. ഉദ്ദിഷ്ട നന്മ ഭൗതികജീവിതത്തിൽ പരിമിതവും നൈമിഷികവുമായിരിക്കും. പക്ഷേ, യഥാർഥ കർമഫലം അനുഭവിക്കേണ്ടിവരിക പരലോകത്താണ്. അവിടെ അധർമത്തിനു ലഭിക്കുന്ന ശിക്ഷയുമായി തട്ടിച്ചുനോക്കിയാൽ ഭൗതികജീവിതത്തിൽ അതുകൊണ്ട് ലഭിച്ച നേട്ടം ഒന്നുമായിരിക്കുകയില്ല.

ചിലപ്പോൾ ഒരാൾ അല്ലെങ്കിൽ ഒരു കൂട്ടർ ചെയ്യുന്ന അക്രമം ഈ ലോകത്തുതന്നെ അവരോടും മറ്റുള്ളവരോടുമുള്ള അക്രമമായിത്തീരുന്നു. യഹൂദരുടെ അതിക്രമങ്ങളുടെ പേരിൽ പലപ്പോഴും അല്ലാഹു അവരെ കടുത്ത പരീക്ഷണങ്ങളിലകപ്പെടുത്തിയതായി ഖുർആൻ പറയുന്നുണ്ട്. അക്രമങ്ങളുടെയും അധർമങ്ങളുടെയും ഫലമായാണ് പലപ്പോഴും അവർ പാർത്തിരുന്ന പ്രദേശങ്ങളിൽനിന്ന് ആട്ടിയോടിക്കപ്പെട്ടത്. ഇന്ന് അവർ വസിക്കുന്ന പ്രദേശവും അധാർമികമായും അക്രമപരമായും പിടിച്ചെടുത്തതാണ്. അതുകൊണ്ടുതന്നെ ഇന്നല്ലെങ്കിൽ നാളെ യഹൂദർ ഫലസ്തീനിൽനിന്ന് ആട്ടിയോടിക്കപ്പെടും. 'തന്നോടുതന്നെ അക്രമം ചെയ്യുന്നവൻ മറ്റുള്ളവരോട് കൊടിയ അക്രമം ചെയ്യും'- من ظلم نفسه كان لغيره اظلم- എന്നു പറയാറുണ്ട്. ഇസ്രാഈല്യരുടെ ഭൂതവും വർത്തമാനവും അതിനെ സാധൂകരിക്കുന്നു. പക്ഷേ ഈ കൊടിയ അക്രമവും അവർക്കെതിരെത്തന്നെയായി പരിണമിക്കുന്ന അവസരം വരുന്നുണ്ട്. ■